# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## പാപ്പ കാൽകഴുകുന്നു, സ്ത്രീകളുടെയും മുസ്ലീമുകളുടെയും ഹിന്ദുവിന്റെയും!



വത്തിക്കാൻ സിറ്റി: കഴിഞ്ഞ വർഷങ്ങളിൽ അശരണരുടെയും അംഗഹീനരുടെയും പാദങ്ങൾ കഴുകി പെസഹാ വ്യാഴാഴ്ച എളിമയുടെ ഉദാത്ത മാതൃക കാട്ടി ക്രിസ്തുമനസ്സ് പിൻചെന്ന ഫ്രാൻസിസ് പാപ്പ ഈ വർഷം കഴുകുന്നത് അഭയാർത്ഥികളുടെ പാദങ്ങൾ. റോമിൽനിന്ന് 18 മൈൽ അകലെ കാസൽനുവോവോ ഡി പോർട്ടോയിൽ ഇന്ന് ഉച്ചതിരിഞ്ഞ് എത്തുന്ന പാപ്പ അഭയാർത്ഥികളുടെ സംഘമായ കാരയിലെ അംഗങ്ങളുടെ കാലുകൾ കഴുകുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. അഞ്ചുമണിക്ക് സ്ഥലത്തെത്തുന്ന പാപ്പ പെസഹാദിന ദിവ്യബലി അർപ്പിക്കും. 900 അഭയാർത്ഥികളും നൂറോളം സന്നദ്ധ പ്രവർത്തകരും ബലിയിൽ പങ്കെടുക്കും. ഈ അഭയാർത്ഥികളിൽ മിക്കവരും മുസ്ലീം വിശ്വാസികളാണെന്നത് മറ്റൊരു സവിശേഷത. ക്രിസ്ത്യാനികൾ പലരും പ്രൊട്ടസ്റ്റന്റ് വിശ്വാസികളും.

പതിനൊന്ന് അഭയാർത്ഥികളുടെയും ഒരു സന്നദ്ധ പ്രവർത്തകന്റെയും പാദങ്ങളാണ് പാപ്പ കഴുകുന്നത്. അവരിൽ നാലുപേർ നൈജീരിയയിൽനിന്നുള്ള കത്തോലിക്കാ യുവാക്കൾ, എരിത്രേയയിൽനിന്നുള്ള മൂന്ന് കോപ്റ്റിക് യുവതികൾ, മൂന്ന് പേർ മുസ്ലീംവിശ്വാസികൾ, പിന്നെയൊരാൾ ഇന്ത്യയിൽനിന്നുള്ള ഹിന്ദുമത വിശ്വാസിയും. വത്തിക്കാൻ പത്രമായ ലൊസർവത്തോറെ റൊമാനോയാണ് വാർത്ത പുറത്തുവിട്ടിരിക്കുന്നത്. ആർച്ച് ബിഷപ് റിനോ ഫിഷെല്ലയാണ് വാർത്തയുടെ വിശദാംശങ്ങൾ നൽകിയത്. ന്യൂ ഇവാൻജെലൈസേഷൻ കൗൺസിലിന്റെ പ്രസിഡന്റാണ് അദ്ദേഹം.

മുൻ വർഷങ്ങളിലും പെസഹാവ്യാഴം കാൽകഴുകുന്ന ശുശ്രൂഷ വ്യത്യസ്തമായി ചെയ്യാൻ പാപ്പ ശ്രദ്ധിച്ചിരുന്നു. എളിമയുടെ മാതൃക കാട്ടുവാനാണ് ക്രിസ്തു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അപ്രകാരം ചെയ്യുവാൻ ശിഷ്യന്മാരെ പ്രബോധിപ്പിക്കുകയും ചെയ്തത്. ഒരു വർഷം പാപ്പ യുവാക്കളെ തടവിൽ പാർപ്പിച്ചിരുന്ന ജയിൽ അതിനായി തിരഞ്ഞെടുത്തു. അടുത്തവർഷം അംഗഹീനർക്കായും പിന്നീട് റോമിലെ വലിയൊരു ജയിലും.

ഇറ്റലിയിലെ പ്രമുഖ അഭയാർത്ഥി ക്യാംപുകളിൽ ഒന്നാണ് കാര. അഭയാർത്ഥികളിൽ മിക്കവരും ആഫ്രിക്കയിൽനിന്നുള്ളവർ. അഭയാർത്ഥി പ്രശ്നം അന്താരാഷ്ട്ര തലത്തിൽ വലിയ

പ്രശ്നമായിരിക്കുന്ന സമയത്താണ് പാപ്പയുടെ ഈ വ്യത്യസ്തമായ തീരുമാനം. അവർക്കുവേണ്ടി നിരന്തരം ശബ്ദമുയർത്താനും പാപ്പ മടികാണിക്കാറില്ല.

കടപ്പാട്: in.sundayshalom.com